## സപ്ലൈകോയ്ക്ക് വേണ്ടി കുടുംബശ്രീ വനിതകൾ പായ്ക്ക് ചെയ്തത് 75,000 സൗജന്യ ഭക്ഷ്യക്കിറ്റുകൾ

കണ്ണൂർ: സംസ്ഥാനത്ത് ലോക്ക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ സപ്ലൈകോയ്ക്ക് വേണ്ടി 75,000 ഭക്ഷ്യക്കിറ്റ് പായ്ക്ക് ചെയ്ത് കുടുംബശ്രീ വനിതകൾ. ബി.പി.എൽ കാർഡുടമകൾക്കുള്ള ഭക്ഷ്യക്കിറ്റുകളുടെ വിതരണം നടത്തുന്നതിനു വേണ്ടി ജില്ലയിലെ 780 കുടുംബശ്രീ വനിതകൾ ചേർന്ന് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ഇത്രയും കിറ്റുകൾ തയ്യാറാക്കിയത്. കോവിഡ് കാലത്ത് ഇവർ നാടിനു വേണ്ടി സാമൂഹ്യ അകലം പാലിച്ചു കൊണ്ടാണ് പായ്ക്കിങ്ങുമായി ബന്ധപ്പെട്ട ജോലികൾ നിർവഹിക്കുന്നത്.

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ വിവിധ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 87 ലക്ഷം കുടുംബങ്ങൾക്കുള്ള സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ഊർജിതമായി മുന്നേറുകയാണ്. ഇതിനോടനുബന്ധിച്ചാണ് ജില്ലയിലും സപ്ലൈകോ ഡിപ്പോയുടെ കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ ഭക്ഷ്യക്കിറ്റ് പായ്ക്കിങ്ങ് അതിവേഗം പുരോഗമിക്കുന്നത്. ഇവർക്കാവശ്യമായ പിന്തുണകൾ നൽകി സപ്ലൈകോ ജീവനക്കാരും സന്നദ്ധ സേവകരും ഉണ്ട്.

കുടുംബശ്രീ സംസ്ഥാനതല നിർദ്ദേശത്തെ തുടർന്ന് ജില്ലാമിഷൻ അധികൃതർ നേരിട്ട് സപ്ലൈകോ ഡിപ്പോകൾക്ക് കീഴിലുള്ള സെന്ററുകളിൽ അന്വേഷിക്കുകയും തുടർന്ന് ഓരോ സെന്ററിലും കിറ്റ് പായ്ക്ക് ചെയ്യാൻ കുടുംബശ്രീ വനിതകളുടെ സേവനം ഉറപ്പു

വരുത്തുകയുമായിരുന്നു. തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ്, എന്നിവിടങ്ങളിലെ സപ്ളൈകോ ഡിപ്പോകൾക്കു കീഴിൽ പ്രവർത്തിക്കുന്ന 47 കേന്ദ്രങ്ങളിലാണ് കുടുംബശ്രീ വനിതകളുടെ സേവനം ലഭ്യമാകുന്നത്.

ഓരോ പ്രദേശത്തേക്കും ആവശ്യമായ ഭക്ഷ്യസാധനങ്ങൾ സപ്ളൈകോ നേരിട്ട് അതത് കേന്ദ്രങ്ങളിലെത്തിക്കും. ഇതിൽ നിന്നും സപ്ലൈകോ അധികൃതർ നിർദേശിക്കുന്നതിനുസരിച്ച് നിർദിഷ്ട അളവിൽ ഓരോ ഭക്ഷ്യ വസ്തുക്കളും പായ്ക്ക് ചെയ്ത് കിറ്റിൽ നിറയ്ക്കുന്ന ജോലിയാണ് ഇവർ ചെയ്യുന്നത്. കൂടാതെ എല്ലാ ഉൽപന്നങ്ങളും കിറ്റിലുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യും. പഞ്ചസാര (ഒരു കിലോ), ചായപ്പൊടി (250 ഗ്രാം), ഉപ്പ് (ഒരു കിലോ), ചെറു പയർ (ഒരു കിലോ), കടല (ഒരു കിലോ), വെളിച്ചെണ്ണ (അര ലിറ്റർ), ആട്ട (രണ്ടുകിലോ), റവ (ഒരു കിലോ), മുളക് പൊടി (100 ഗ്രാം), മല്ലിപ്പൊടി (100 ഗ്രാം), പരിപ്പ് (250 ഗ്രാം), മഞ്ഞൾപ്പൊടി (100 ഗ്രാം), ഉലുവ (10 ഗ്രാം), കടുക് (100 ഗ്രാം), സോപ്പ് ( 2 എണ്ണം), സൺ ഫ്ളവർ ഓയിൽ (ഒരു ലിറ്റർ), ഉഴുന്ന് (ഒരു കിലോ) എന്നിങ്ങനെ 17 ഇനം പലവ്യഞ്ജനങ്ങളടങ്ങിയ ഭക്ഷ്യക്കിറ്റാണ് കുടുംബശ്രീ വനിതകൾ പായ്ക്ക് ചെയ്ത് വിതരണത്തിന് തയ്യാറാക്കുന്നത്.

കുടുംബശ്രീയുടെ കീഴിലുള്ള 35 സി.ഡി.എസുകളിൽ നിന്നുള്ളവരാണ് പായ്ക്കിങ്ങ് കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന വനിതകൾ. ഓരോ കേന്ദ്രത്തിനും സമീപത്തു താമസിക്കുന്ന കുടുംബശ്രീ അംഗങ്ങളാണിവർ. രാവിലെ ഒൻപതു മുതൽ അഞ്ചു വരെയാണ് ഇവരുടെ പ്രവർത്തന സമയം. ആവശ്യമനുസരിച്ച് അതിൽ കൂടുതൽ സമയവും ഇവർ പായ്ക്കിങ്ങുമായി ബന്ധപ്പെട്ട ജോലികൾ നിർവഹിക്കുന്നു.

അണ്ടംകോവിൽ, പുന്നക്കടവ്, കങ്കോൾ,  മാതമംഗലം, അരവഞ്ചാൽ, പാടിയോട്ടുചാൽ, ചെറുപുഴ, പെരുമ്പ, പയ്യന്നൂർ, കാവുങ്കൽ, കടന്നപ്പള്ളി, വളകൈ , ചുഴലി, ബാവൂപറമ്പ്, പൂവം, ചുടല, പെരുമ്പടവ്, ചപ്പാരപ്പടവ്, നടുവിൽ,കാർത്തികപുരം, തേർത്തളി, ആലക്കോട്, ബക്കളം, കണ്ണൂർ മെയിൻ ബ്രാഞ്ച്, പുഴാതി, എടക്കാട്, പെരുന്തട്ടിൽ, പിണറായി, കല്ലിക്കണ്ടി, കുന്നോത്ത്പറമ്പ്, കീഴ്പ്പള്ളി, അങ്ങാടിക്കടവ്, തില്ലങ്കേരി, വള്ളിത്തോട്, ഇരിട്ടി, കാക്കയങ്ങാട്, പേരാവൂർ, മലപ്പട്ടം, കുറ്റ്യാട്ടൂർ, ഉളിക്കൽ, ശ്രീകണ്ഠപുരം, പിലാത്തറ, ഇരിപുരം, കെ.കണ്ണാപുരം, കണ്ണാടിപ്പറമ്പ്, മാനേക്കര, ചൊക്ളി, മൊകേരി എന്നീ കേന്ദ്രങ്ങളിലാണ് സൗജന്യ ഭക്ഷ്യവിതരണത്തിനുള്ള കിറ്റുകളുടെ പായ്ക്കിങ്ങ് ജോലികൾ പുരോഗമിക്കുന്നത്.